(സി) (i) പാലക്കാട് ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും ആർ. സി. എച്ച്. പദ്ധതിക്കായി ജില്ലയ്ക്ക് 10 ലക്ഷം രൂപ പ്രകാരം നവീകരണ പ്രവർത്തനത്തിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്.

(ii) യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്താൽ കൊല്ലം ജില്ലയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കരുനാഗപ്പള്ളി, പുനലൂർ, കൊട്ടാരക്കര എന്നീ താലൂക്ക് ആശുപത്രികൾ എന്നിവ നവീകരിക്കുന്നതിനുള്ള പണികൾ പുരോഗമിച്ചുവരുന്നു.

(iii) നബാർഡിന്റെ സഹായത്തോടെ ഗ്രാമീണാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അതനുസരിച്ച് 2002-03 വർഷത്തിൽ 49 കോടി രൂപയുടെയും 2003-04 വർഷത്തിൽ 69.84 കോടി രൂപയുടെയും പ്രോജക്ട് പ്രൊപ്പോസലുകൾ നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ

138 [139] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) മേപ്പയൂർ നിയോജകമണ്ഡലത്തിലെ തിരുവള്ളൂർ സി. എച്ച്. സി.-ൽ ഇതനുസരിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് ഇനിയും ഉണ്ടാകേണ്ടതെന്ന് വ്യക്തമാക്കാമോ;

(സി) ഇവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) തിരുവള്ളൂർ സി. എച്ച്. സി.-ൽ രോഗികളെ കിടത്തി ചികിത്സിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സ്റ്റാഫ് പാറ്റേൺ താഴെപറയും പ്രകാരമാണ്:

1.	സിവിൽ സർജൻ	.. 1
2.	അസി. സർജൻ	.. 4
3.	സ്റ്റാഫ് നേഴ്സ്	.. 5
4.	നേഴ്സിംഗ് അസിസ്റ്റന്റ്	.. 3
5.	അറ്റൻഡന്റ് ഗ്രേഡ്-2	.. 2
6.	അറ്റൻഡന്റ് ഗ്രേഡ്-1	.. 1
7.	ഫാർമസിസ്റ്റ്	.. 1
8.	ലാബ്ടെക്നീഷ്യൻ	.. 1
9.	പി. ടി. എസ്.	.. 1
10.	ഹെഡ്ക്ലാർക്ക്	.. 1
11.	ക്ലാർക്ക്	.. 3
12.	പ്യൂൺ	.. 1
13.	റേഡിയോഗ്രാഫർ	.. 1
14.	ഹെൽത്ത് സൂപ്പർവൈസർ	.. 1
15.	ലേഡി ഹെൽത്ത് സൂപ്പർവൈസർ	.. 1
16.	ഹെൽത്ത് ഇൻസ്പെക്ടർ	.. 1
17.	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	.. 1
18.	ജെ.പി.എച്ച്.എൻ. (5000 ജനസംഖ്യക്ക് ഒരാൾ വീതം)	
19.	ജെ. എച്ച്. ഇൻസ്പെക്ടർ (5000 ജനസംഖ്യക്ക് ഒരാൾ വീതം)	

LIBRARY ARCHIVES Kerala Legislative Assembly

(ബി) ടി. സി. എച്ച്. സി.-ൽ താഴെപ്പറയുന്ന തസ്തികകളും ഉപകരണങ്ങളും ഇനിയുമുണ്ടാകേണ്ടതാണ്. കൂടാതെ ക്വാർട്ടേഴ്സുകൾക്ക് റിപ്പയറും ആവശ്യമാണ്.

തസ്തിക		എണ്ണം
അസി. സർജൻ	..	2
സ്റ്റാഫ് നേഴ്സ്	..	4
അറ്റൻഡന്റ് ഗ്രേഡ്-2	..	2
നേഴ്സിംഗ് അസിസ്റ്റന്റ്	..	1
റേഡിയോഗ്രാഫർ	..	1

ഉപകരണങ്ങൾ

ബെഡ് (മാറ്റ്രസ്)	..	6
കോട്ട്	..	6
ആട്ടോക്ലേവ്	..	2 (വെർട്ടിക്കൽ)
സ്റ്റെറിലൈസർ	..	1
ഓക്സിജൻ സിലിണ്ടർ	..	1
ഡ്രിപ്പ് സ്റ്റാന്റ്	..	2
ലേബർ കോട്ട്	..	1
ബെഡ്സൈഡ് ലോക്കേഴ്സ്	..	4

ലാബ് ഐറ്റംസ്

കലോറി മീറ്റർ	..	1
കൗണ്ടിംഗ് ചേമ്പർ	..	1
ബോയിലിംഗ് വാട്ടർ ബാത്ത്	..	1

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) കിടത്തി ചികിത്സിക്കുവാൻ ആവശ്യമുള്ള സ്റ്റാഫിന്റെ അപര്യാപ്തത, ആശുപത്രി ഉപകരണങ്ങളുടെ കുറവ്, നിലവിലുള്ള ക്വാർട്ടേഴ്സുകളിലെ സൗകര്യക്കുറവ്, ശുദ്ധജല ദൗർലഭ്യം എന്നീ കാരണങ്ങളാലാണ് കിടത്തി ചികിൽസ ആരംഭിക്കുവാൻ ഇപ്പോൾ കഴിയാത്തത്.

LIBRARY ARCHIVES Kerala Legislative Assembly